## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7395

14.07.2014-ൽ മറുപടിക്ക്

### നീര എന്ന പേരിൽ ആരോഗ്യ പാനീയം ഉല്പാദിപ്പിക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ.കെ.പി.മോഹനൻ (കൃഷിയും, മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) നീരയുടെ ഓരോ യൂണിറ്റിലും എത്ര നീര ടെക്നീഷ്യൻമാരാണ് ഉള്ളത്; ഇവർക്ക് പ്രതിമാസം എത്ര രൂപയാണ് വരുമാനം ലഭിക്കുന്നത്; | എ) ഒരു നീര ടെക്നീഷ്യന് ഒരു ദിവസം ശരാശരി 12 തെങ്ങിൽ നിന്നും നീര ചെത്തിയെടുക്കാൻ സാധിക്കും എന്നാണ് കണക്കാക്കിയിരിക്കുന്നത്. ഒരു ദിവസം 1000 തെങ്ങുകളെങ്കിലും ചെത്താൻ സാധിക്കുന്ന സ്ഥലത്താണ് നീര യൂണിറ്റ് സ്ഥാപിക്കേണ്ടത്. അങ്ങിനെ വരുമ്പോൾ, ഓരോ നീര യൂണിറ്റിനോട് ബന്ധപ്പെട്ട് 83 മുതൽ 90 വരെ നീര ടെക്നീഷ്യൻമാരെ ആവശ്യമായി വരും. തെങ്ങുകളിൽ നിന്നു ലഭിക്കുന്ന നീരയുടെ അളവും, ഒരു അടിസ്ഥാന വേതനവും ബന്ധപ്പെടുന്ന വിധത്തിൽ നീര ടെക്നീഷ്യന്റെ വേതനം നിശ്ചയിക്കുന്നതാവും അഭികാമ്യം. |
| ബി) നീരയുടെ പ്രതിവർഷ ഉല്പാദനം എത്രയാണ്; | ബി) ഒരു തെങ്ങിൽ നിന്നും പ്രതിദിനം ചുരുങ്ങിയത് ഒന്നര ലിറ്റർ നീരയെങ്കിലും ലഭിക്കുന്ന ഉയരം കുറഞ്ഞ തെങ്ങുകൾ മാത്രമേ നീര ഉല്പാദനത്തിനായി തെരഞ്ഞെടുക്കേണ്ടതുള്ളു. തുടർച്ചയായി ആറ് മാസം നീര ടാപ്പ് ചെയ്താൽ അടുത്ത ആറു മാസം തെങ്ങിന് വിശ്രമം അനുവദിക്കേണ്ടതാണ്. ഇപ്രകാരം 6 മാസത്തേക്ക് ഒരു തെങ്ങിൽ നിന്നും ചുരുങ്ങിയത് 270 ലിറ്റർ നീര ലഭിക്കും. |
| സി) കേര കർഷകന് പ്രതിവർഷം നീര ഉല്പാദനം വഴി എത്ര രൂപയാണ് ലഭിക്കുന്നത്; | സി) കേരകർഷകന് ലഭിക്കുന്ന വരുമാനം എത്ര എന്നത്, എന്തു വിലയ്ക്ക് സംസ്ക്കരിച്ച 'നീര' വിപണനം ചെയ്യാൻ സാധിക്കുന്നു എന്നതിനേയും, മറ്റ് ഉല്പാദന സംസ്ക്കരണച്ചെലവുകളേയും ആശ്രയിച്ചിരിക്കുന്നു. 200 മില്ലി 'നീര' 25 രൂപ വിലയ്ക്ക് വില്പന നടത്തുകയാണെങ്കിൽ, കർഷകന് ഒരു മാസം ഒരു തെങ്ങിൽ നിന്ന് 750 മുതൽ 1000 രൂപ വരെ, ആറുമാസക്കാലത്തേക്ക് ആദായം നേടിക്കൊടുക്കാൻ സാധിക്കും എന്നാണ് അനുമാനിക്കുന്നത്. |

| | |
|---|---|
| ഡി) നീരയുടെ ഉല്പാദനം സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കാനും, വർദ്ധിപ്പിക്കാനും എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | ഡി) സംസ്ഥാനത്ത് നീര ഉല്പാദനവും വിപണനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും കൃഷി, എക്സൈസ് വകുപ്പുകളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം ഉറപ്പ് വരുത്തി നാളികേര-നീര ബോർഡ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. കാർഷികോല്പാദന കമ്മീഷണർ ചെയർമാനായും എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായി, 13/05/2014-ലെ സ.ഉ.(എം.എസ്) 66/2014/നി.വ. പ്രകാരമാണ് നാളികേര നീര ബോർഡ് രൂപീകരിച്ചിട്ടുള്ളത്. |

Sneha ma

**സെക്ഷൻ ഓഫീസർ**